പതിമൂന്നാം കേരളനിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 174 — 08.06.2015 ൽ മറുപടിക്ക്

## പോലീസ് പീഡനത്തെ തുടർന്നുള്ള ആത്മഹത്യകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| എ) | ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ജാമ്യത്തിൽ വിട്ടയക്കപ്പെട്ട എത്രയാളുകൾ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ ചോദ്യം ചെയ്യലിനേയും പോലീസിന്റെ മറ്റ് നിലയിലുള്ള ഇടപെടലുകളെയും തുടർന്ന് ആത്മഹത്യ ചെയ്യുകയുണ്ടായിട്ടുണ്ട്;വിശദാംശങ്ങൾ വെളിപ്പെടുത്താമോ : | (എ) തിരുവനന്തപുരം സിറ്റികന്റോൺമെന്റ് പോലീസ് കസ്റ്റഡിയിൽ നിന്നും വിട്ടയച്ചതിനുശേഷം സുജിത്, S/o. സുനിൽകുമാർ എന്നൊരാൾ ആത്മഹത്യ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് (കന്റോൺമെന്റ് പോലീസ് ക്രൈം നം. 699/2015 u/s.174 CrPC) |
| (ബി) | കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ മർദ്ദനത്തിരയായ രാജാജി നഗറിലെ സുജിത്ത് (ജിത്തു) എന്ന യുവാവിന്റെ ആത്മഹത്യയെ തുടർന്ന്, പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ ; മേൽപ്പറഞ്ഞ യുവാവിനെ സ്റ്റേഷനിൽ മർദ്ദിച്ച പോലീസുകാർ ആരൊക്കെയായിരുന്നു ; അവർക്കെതിരെ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | (ബി) ഉണ്ട്. അന്വേഷണം നടത്തിവരുന്നു. യുവാവിനെ പോലീസ് കസ്റ്റഡിയിൽ മർദ്ദിച്ചതായി വെളിവായിട്ടില്ല. |

Rajani.M
സെക്ഷൻ ഓഫീസർ